# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3427      09.04.2013-ലെ മറുപടിക്ക്

## <u>ഡീസൽ വിലനിയന്ത്രണം പിൻവലിക്കുന്ന നടപടി</u>

**<u>ചോദ്യം</u>**

ശ്രീ. പി.ബി. അബ്ദുൾ റസാക്ക്
ശ്രീ. സി. മോയിൻകുട്ടി
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. എം. ഉമ്മർ

**<u>ഉത്തരം</u>**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും
വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | ഡീസൽ വിലനിയന്ത്രണം പൂർണമായും പിൻവലിക്കുമെന്ന കേന്ദ്ര പെട്രോളിയം മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | ഡീസൽ വിലനിയന്ത്രണം പൂർണ്ണമായും പിൻവലിക്കുമെന്ന കേന്ദ്ര പെട്രോളിയം മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട്. |
| (ബി) | എങ്കിൽ അതുമൂലം സംസ്ഥാനത്തിനു ണ്ടാകാവുന്ന അധിക ബാദ്ധ്യതകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; | ഡീസലിന്റെ വിലനിയന്ത്രണം പൂർണ്ണമായും പിൻവലിക്കു ന്നത് ഡീസലിന്റെ വില ഉയർത്തുകയും, ഇത് ചരക്ക് കൂലി, യാത്രാക്കൂലി എന്നിവ വർദ്ധിക്കുന്നതിന് കാരണ മായിത്തീരുകയും ചെയ്യും. ചരക്ക്കൂലിയിലുണ്ടാകുന്ന വർദ്ധനവ് നിത്യോപയോഗ സാധനങ്ങളുടെ വിലയും ഉയർത്തും. നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടാ കുന്ന വർദ്ധനവുമൂലം വർദ്ധിച്ച സബ്സിഡി നിരക്കിൽ പൊതു വിതരണ ശൃംഖല മുഖേന ഭക്ഷ്യധാന്യങ്ങൾ വിത രണം ചെയ്യേണ്ട സാഹചര്യം ഉണ്ടാകുമെന്നതിനാൽ സർക്കാ രിന് അധിക ബാദ്ധ്യതകൾ ഉണ്ടാകാനിടയുണ്ട്. ഡീസലിന്റെ വിലവർദ്ധനവ് പൊതു ഉപയുക്ത സേവനദാതാവായ കെ.എ സ്.ആർ.ടി.സി.യെയും പ്രതികൂലമായി ബാധിക്കും. |
| (സി) | ഇന്ധനവിലയുടെ ക്രമാതീതമായ വർദ്ധവും, ലഭ്യതക്കുറവും ഉയർത്താവുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദ വിവരം നൽകാമോ ? | പൊതുവിതരണ ശൃംഖലയിലൂടെ അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തും, കെ.എസ്.ആർ. ടി.സി.ക്ക് ആവശ്യമായ സഹായം നൽകിയും ഈ പ്രതി സന്ധി മറികടക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**